**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ** കാര്യാലയം
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## കീം – 2025

## ഫാർമസി കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു.

2025–ലെ ഫാർമസി കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ **12.09.2025 ന്** ആരംഭിച്ചു.

**ഫാർമസി കോഴ്സിലേയ്ക്ക് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.**

മൂന്നാം ഘട്ടത്തിൽ ഫാർമസി കോഴ്സിലേയ്ക്ക് പുതിയതായി ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **12.09.2025 മുതൽ 15.09.2025, 5.00 PM വരെ** ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്. മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരെയും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.

ഫാർമസി കോഴ്സിലേയ്ക്കുള്ള മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/അഡ്മിഷൻ ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

***ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്.***

**താൽക്കാലികമായ അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**

| | |
|---|---|
| **12.09.2025** | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **15.09.2025, 5.00 PM** | ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **17.09.2025** | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **18.09.2025** | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **19.09.2025 to 23.09.2025 , 4 PM** | അല്ലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അല്ലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷ കമ്മിഷണർക്കു അടയ്ക്കേണ്ടതുമായ തുക ഓൺലൈൻ പേയ്മെന്റായി ഒടുക്കേണ്ടതും അല്ലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതുമാണ് |

**ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്**

ഫാർമസി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഈ ഘട്ടത്തിൽ പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവരും ,കഴിഞ്ഞ ഘട്ടങ്ങളിൽ അല്ലോട്മെന്റ് ലഭിച്ചിട്ട് അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളും **2,000/-രൂപ** (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർ ത്ഥികൾ G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.)No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/- രൂപ** (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

**പുതുതായി കൂട്ടി ചേർത്ത ഫാർമസി കോളേജ്**

| sl no | College name | seats |
|---|---|---|
| 1. | Nirmala college of Health sciences, Kunnappilly.P.O Thrissur | 100 |

**<u>കുറിപ്പ്</u> .**

പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാത്തവരെ ഈ ഘട്ടത്തിലെ അല്ലോട്ട്മെന്റിനു ഒരു കാരണവശാലും പരിഗണിക്കുന്നതല്ല .

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12-09-2025

Signed by
Arun S Nair
Date: 12-09-2025 16:39:33